പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 93 — 20-03-2012-ൽ മറുപടിയ്ക്ക്

# സർക്കാർ ഭൂമി കൈയ്യേറ്റം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യു വകുപ്പുമന്ത്രി) |
| (എ സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സർക്കാർ ഭൂമി കൈയ്യേറുന്നത് തടയാൻ ഏർപ്പെടുത്തി യിട്ടുള്ള സംവിധാനം വിശദമാക്കാമോ ; | (എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സർക്കാർ ഭൂമി കൈയ്യേറിയവർക്കെതിരെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരം നടപടികൾ എടുത്തുവരുന്നു. കൂടാതെ സർക്കാർ ഭൂമിയുടെ താലൂക്ക് തലത്തിലുള്ള ഇൻവെന്ററി തയ്യാറാക്കി ജില്ലാ ആസ്ഥാനത്തും താലൂക്ക് ആസ്ഥാനങ്ങളിലും സൂക്ഷിക്കുകയും ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തുകയും കാലാകാലങ്ങളിൽ വില്ലേജ് ഓഫീസർമാർ പുറമ്പോക്ക് പരിശോധന നടത്തുകയും ചെയ്യുന്നു. വിവിധ വകുപ്പുകളുടെ ജില്ലാ തല ഉദ്യോഗസ്ഥരുടെ പ്രതിമാസ യോഗം വിളിച്ചുചേർത്ത് മറ്റു വകുപ്പുകളുടെ അധീനതയിലുള്ള പുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച് അവലോകനം നടത്തുകയും കയ്യേറ്റം ഉണ്ടാകാതെ പുറമ്പോക്ക് സംരക്ഷിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ജില്ലാ തലത്തിൽ രൂപീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരമുള്ള നടപടികൾ പ്രതിമാസമുള്ള എൽ.ആർ. കോൺഫറൻസിൽ അവലോകനം ചെയ്യുന്നു. അന്യ വകുപ്പുകളുമായി ബന്ധപ്പെട്ട ഭൂമിയിൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ |

| | |
|---|---|
| | തന്നെ കയ്യേറ്റം തിട്ടപ്പെടുത്തി ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുന്നതിന് അതാത് വകുപ്പ് അധികാരികളെ രേഖാമൂലം അറിയിക്കുകയും കയ്യേറ്റം പരിശോധിക്കുന്നതിന് താലൂക്ക് സർവ്വേയറുടെ സേവനം നൽകുന്നതുമാണ്. |
| (ബി) കൈയ്യേറ്റ ഭൂമി ഒഴിപ്പിക്കുന്നതു സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ ; | ബി) കയ്യേറിയ സർക്കാർ പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കുന്നതിനായി താലൂക്ക് സർവ്വേയർ മുഖാന്തിരം അളന്നു തിട്ടപ്പെടുത്തുകയും കേരള ഭൂ സംരക്ഷണ നിയമ പ്രകാരം വില്ലേജ് ഓഫീസർ 'എ ' ഫാറത്തിൽ കയ്യേറ്റം ബുക്കുചെയ്ത് നൽകുകയും 'ബി 'ഫാറത്തിൽ കക്ഷിയെ അഡീഷണൽ തഹസിൽദാർ നേരിട്ട് കേൾക്കുകയും ഫോറം 'സി 'യിൽ കയ്യേറ്റക്കാർ ഒഴിഞ്ഞു പോകാൻ ഉത്തരവ് നൽകുകയും ചെയ്യുന്നു.<br>വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ അതാതു വകുപ്പിനെ രേഖാമൂലം അറിയിക്കുകയും ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നു.<br>1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218-ാം വകുപ്പ് പ്രകാരം റോഡ്, തോട്, കനാൽ, കായൽ, പുറമ്പോക്ക് മുതലായവയുടെ സംരക്ഷണം പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ഇവയിന്മേലുള്ള കയ്യേറ്റം തടയുന്നതിന് 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടം 4, 5-ൽ അനുശാസിക്കുന്ന പ്രകാരം കയ്യേറ്റം നീക്കം ചെയ്യുന്നതിനും പിഴ ചുമത്തുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരുന്നു.<br>കൂടാതെ ദേശീയപാത, ജലസേചനം തുടങ്ങിയവയിലുള്ള കയ്യേറ്റം നീക്കം ചെയ്യുന്നതിന് അതാതു വകുപ്പുകളെ ചുമതലപ്പെടുത്തികൊണ്ട് കേരള സർക്കാർ യഥാക്രമം ജി.ഒ. (പി) 1067/74/ആർ.ഡി. തീയതി 19.10.74 (കേരള അസാധാരണ ഗസറ്റ് വിജ്ഞാപനം 743, തീയതി 23.10. 74) എസ്.ആർ.ഒ. നം. 1870/86) (അസാധാരണ ഗസറ്റ് നമ്പർ 48, തീയതി 9.12.86 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |

| | |
|---|---|
| (സി) വിവിധ വകുപ്പുകളുടെ കൈവശമുള്ള സർക്കാർ ഭൂമി സംബന്ധിച്ച് വിവരങ്ങൾ അതത് വകുപ്പുകൾ റവന്യൂ റിക്കാർഡു മായി ഒത്തുനോക്കി കൃത്യത വരുത്താറുണ്ടോ ; | സി) വിവിധ വകുപ്പുകളുടെ കൈവശമുള്ള സർക്കാർ ഭൂമി സംബന്ധിച്ച വിവരങ്ങൾ റവന്യൂ റിക്കാർഡുമായി ഒത്തു നോക്കി കൃത്യത വരുത്തേണ്ടത് അതാതു വകുപ്പു കളാണ്. എല്ലാ വകുപ്പുകളും സമയബന്ധിത മായി ഇപ്രകാരം ഒത്തുനോക്കൽ നടത്തിയിട്ടു ള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളതായി കാണു ന്നില്ല. |
| (ഡി) കൈയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ചെ ടുത്ത റവന്യൂ ഭൂമി ഒഴികെയുള്ള ഭൂമി ബന്ധ പ്പെട്ട വകുപ്പുകൾക്ക് കൈമാറാറുണ്ടോ ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിട യിൽ അത്തരത്തിൽ ഒഴിപ്പിച്ചെടുത്തു കൈമാ റിയ ഭൂമിയുടെ വിശദവിവരം നൽകാമോ ? | ഡി) റവന്യൂ ഭൂമി ഒഴികെയുള്ള കയ്യേറ്റ ഭൂമി ബന്ധപ്പെട്ട വകുപ്പുകൾ തന്നെ ഒഴിപ്പിച്ച് ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ റവന്യൂ വകുപ്പിന്റെ സഹായം ആവശ്യപ്പെ ടുന്ന കേസുകളിൽ അഡീഷണൽ തഹസിൽ ദാർ മുഖേനയും നടപടികൾ സ്വീകരിക്കുന്നു. ഇപ്രകാരം ഒഴിപ്പിച്ചെടുത്ത് കൈമാറി നൽ കിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ചെടുത്ത് അതാതു വകുപ്പുകൾക്ക് കൈമാറിയ ഭൂമിയുടെ വിവരങ്ങൾ

| ജില്ല | താലൂക്ക് | വില്ലേജ് | ബ്ലോക്ക് നമ്പർ / സർവ്വേ നമ്പർ | വിസ്തീർണ്ണം | കൈമാറിയ വകുപ്പ് |
|---|---|---|---|---|---|
| തിരുവനന്ത പുരം | കോർപ്പറേഷൻ | കവടിയാർ | 1450 | 11 ആർ | കുളം പുറമ്പോക്ക് |
| | | വഞ്ചിയൂർ | 560/365 പാർട്ട് | 13.500 സെന്റ് | പൊതുമരാമത്ത് |
| | | വഞ്ചിയൂർ | 560/735 | 10.7 ആർ | പൊതുമരാമത്ത് |
| | | പേരൂർക്കട | റീ.സ. 42/17 | 13.55 ആർ | എസ്. എ. പി. ക്യാമ്പ് |
| | | പേരൂർക്കട | 42/11 | 07.80 ആർ | ,, |
| | | പേരൂർക്കട | 42/4 | 02.85 ആർ | ,, |
| | | പേരൂർക്കട | 42/18, 19 | 01.55 ആർ | ,, |
| | | പേരൂർക്കട | 42/10 | 03.95 ആർ | ,, |
| | | പേരൂർക്കട | 35 | 17 സ്ക്വ.മീ | റോഡ് പൈപ്പ് ലൈൻ പുറമ്പോക്ക് |
| | തിരുവനന്തപുരം | പേരൂർക്കട | 36, 37 | 110 സ്ക്വ. മീ | ,, |
| | | പേരൂർക്കട | 38,36 | 44 സ്ക്വ.മീ | ,, |
| | | പേരൂർക്കട | 38, 36 | 79 സ്ക്വ. മീ | ,, |
| | | പേരൂർക്കട | 36, 38 | 01.86 ആർ | ,, |
| | | പേരൂർക്കട | 39 | 40 സ്ക്വ. മീ | ,, |
| | | പേരൂർക്കട | 38 | 17.5 സ്ക്വ. മീ | ,, |
| | | ,, | 38, 39 | 3.38 ആർ | ,, |
| | | ,, | 35 | 77 സ്ക്വ. മീ | ,, |
| | | ,, | 37 | 17 | ,, |
| | | ,, | 35, 37 | 30 | ,, |
| | | ,, | 35 | 42 സ്ക്വ. മീ | ,, |
| | | ,, | 35, 37 | 1.40ആർ | ,, |
| | | ,, | 35 | 1.76 ആർ | ,, |
| | | ,, | 35, 37 | 01.08 ആർ 11 സ്ക്വ. മീ | ,, |
| | | ,, | 35, 37 | 1.15 ആർ | ,, |
| | | ,, | 35 | 01.03 ആർ | ,, |
| | | ,, | 35,37 | 1.82 ആർ | ,, |
| | | ,, | 35, 36, 37 | 40, 48 16 സ്ക്വ. മീ | ,, |
| | | ,, | 36, 37 | 01.00ആർ 12 സ്ക്വ. മീ | ,, |
| | | ,, | 38,39 | 2.97 ആർ | ,, |

| | | | | | |
|---|---|---|---|---|---|
| | | പേരൂർക്കട | 39, 40 | 9.94 ആർ | " |
| | | പേരൂർക്കട | 23 | 0.83 ആർ | " |
| | | മണക്കാട് | 23 | .350 സെന്റ് | " |
| | | പാങ്ങപ്പാറ | റീ. സ 66 | 04 സ്ക്വ.മീ | " |
| | | പാങ്ങപ്പാറ | 62 | 04. സ്ക്വ.. മീ | " |
| | | മുട്ടത്തറ | 2615/പാർട്ട് | 05.00 സെന്റ് | " |
| | | ശാസ്തമംഗലം | 968 | .3.64 ആർ | ആറു പുറമ്പോക്ക് |
| | | കുടപ്പനക്കുന്ന് | 149/17 | 03.90 ആർ | കുളം പുറമ്പോക്ക് |
| | നെടുമങ്ങാട് | കരകുളം | 633/4 | 0.35 ആർ | പഞ്ചായത്ത് |
| | | ഉഴമലയ്ക്കൽ | 359/7 | 0.20 ആർ | പഞ്ചായത്ത് |
| പത്തനംതിട്ട | കോഴഞ്ചേരി | | | 11.50ആർ | പൊതുമരാമത്ത് |
| | റാന്നി | | | 1.54.32 ഹെക്ടർ | വിവിധ പഞ്ചായത്തുകൾക്ക് |
| ആലപ്പുഴ | കാർത്തികപ്പള്ളി | പത്തിയൂർ | റി.സ. 834/26 | 01.88 ആർ | പമ്പാ ഇറിഗേഷൻ പ്രോജക്ട് |
| | കാർത്തികപ്പള്ളി | പത്തിയൂർ | 834/30 | 00.15 ആർ | പമ്പാ ഇറിഗേഷൻ പ്രോജക്ട് |
| | കാർത്തികപ്പള്ളി | പത്തിയൂർ | 834/28 | 00.32 ആർ | പമ്പാ ഇറിഗേഷൻ പ്രോജക്ട് |
| | കാർത്തികപ്പള്ളി | പത്തിയൂർ | 834/30 | 00.14 ആർ | പമ്പാ ഇറിഗേഷൻ പ്രോജക്ട് |
| | കാർത്തികപ്പള്ളി | കുമാരപുരം | 721, 725 | 02.28 ആർ | എൻ.എച്ച് |
| കോട്ടയം | ചങ്ങനാശ്ശേരി | വാഴപ്പള്ളി പടിഞ്ഞാറ് | ബ്ലോക്ക് 4 സർവ്വെ 112/3 | 2.40 ആർ | വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത് |
| | കോട്ടയം | | | 68.06 ആർ | പൊതുമരാമത്ത് |
| | വൈക്കം | | | 2.77.86 ഹെക്ടർ | ജലസേചനം |
| | വൈക്കം | | | 2.81 ആർ | പൊതുമരാമത്ത് |
| | വൈക്കം | | | 68.24 ആർ | പഞ്ചായത്ത് വകുപ്പ് |
| ഇടുക്കി | തൊടുപുഴ | | | 5.1 ഏക്കർ | റവന്യൂ ഭൂമി |
| | ഉടുമ്പൻചോല | | | 556.38 ഏക്കർ | റവന്യൂ ഭൂമി |
| | പീരുമേട് | വാഗമൺ | | 943.67 ഏക്കർ | റവന്യൂ ഭൂമി |
| | ദേവികുളം | | | 424.87 ഏക്കർ | റവന്യൂ ഭൂമി |
| | തൊടുപുഴ | ഇടുക്കി | | 2 ഏക്കർ | ഗവ. ആയുർവേദ ആശുപത്രി |
| കോഴിക്കോട് | കൊയിലാണ്ടി | ചെറുവണ്ണൂർ | റീ. സ. 1 | 1.26 ഏക്കർ | ഗ്രാമ പഞ്ചായത്ത് |
| | കൊയിലാണ്ടി | തുറയൂർ | | 2.11 ഏക്കർ | ഗ്രാമ പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| പാലക്കാട് | ആലത്തൂർ | | | 0.2379 ഹെക്ടർ | ജലസേചന വകുപ്പ് |
| | | | | 0.2801 ഹെക്ടർ | പൊതുമരാമത്ത് |
| | | | | 1.622 ഹെക്ടർ | പഞ്ചായത്ത് |

കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ അതാത് വകുപ്പുകളുടെ കൈവശമുള്ള കൈയ്യേറ്റത്തിനു വിധേയമായ ഭൂമി ബന്ധപ്പെട്ട വകുപ്പുകൾ തന്നെ കയ്യേറ്റം ഒഴിപ്പിക്കുകയാണ് ചെയ്തുവരുന്നത്. മലപ്പുറം ജില്ലയിലാകെ 153 കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്തിട്ടുണ്ട്. വയനാട് , കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇത്തരം കൈയ്യേറ്റങ്ങൾ നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ